# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6226 10.07.2012 ൽ മറുപടിക്ക്

## മുളക്കുഴ പഞ്ചായത്തിലെ അംഗൻവാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മുളക്കുഴ പഞ്ചായത്തിൽ ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിയിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരങ്ങൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പട്ടികജാതി കോളനിയായ പൂപ്പൻകരയിലെ നിർദ്ധനരായ കുട്ടികൾ പഠിക്കുന്ന പ്രസ്തുത അംഗൻവാടിയിലെ കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നതിനും ആയത് പാചകം ചെയ്ത് നൽകുന്നതിന് ഹെൽപ്പറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | (ബി) മുളക്കുഴ ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി കോളനിയിലെ പൂപ്പൻകരയിൽ അംഗൻവാടി പ്രവർത്തിക്കുന്നില്ല. എന്നാൽ ടി സ്ഥലത്ത് പ്രവർത്തിക്കുന്ന ശിശുവിഹാറിന്റെ പ്രവർത്തനത്തിന് 2012-13വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പോഷകാഹാരം വിതരണം നടത്തുവാനും, ഹെൽപ്പറുടെ നിയമനത്തിനും മതിയായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ